പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4490 — 21.03.2018 ൽ മറുപടിക്ക്

## രോഗീസൗഹൃദമായ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഐ.സി.ബാലകൃഷ്ണൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; | (എ) | ഇ-ഹെൽത്ത് പ്രോജക്റ്റിന്റെയും ആർദ്രം മിഷന്റെയും സംരംഭമെന്ന നിലയിൽ രോഗീസൗഹൃദ പശ്ചാത്തലങ്ങൾ സൃഷ്ടിച്ചും കംപ്യൂട്ടർ നിയന്ത്രിത ടോക്കൺ സിസ്റ്റം, ഡിസ്പ്ലേ ബോർഡ് ക്യൂ മാനേജ്മെന്റ് സിസ്റ്റം എന്നിവ ഏർപ്പെടുത്തുന്നതോടൊപ്പം മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഒ.പി.ടിക്കറ്റ് മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും വേണ്ടിയുള്ള കംപ്യൂട്ടർ ശൃംഖലയും സോഫ്റ്റ് വെയർ വിന്യാസവും തെരഞ്ഞെടുക്കപ്പെട്ട 13 ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ നടന്നു വരുന്നു. ജനറൽ ഒ.പി.യിൽ പരീക്ഷിച്ചു വരുന്ന ഈ പ്രക്രിയ സ്പെഷ്യാലിറ്റി ഒ.പി.കളിലും ഹോസ്പിറ്റൽ മാനേജ്മെന്റ് HR മുതൽ Medical Claim Insurance, Lab റിപ്പോർട്ടുകളുടെ നടപടി വേഗം എന്നിവ ലക്ഷ്യമിട്ട് ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ജില്ലാ/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കികൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർറ്റി) 845/2017/ആകുവ, തീയതി 28.03.2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ.(എം.എസ്) 75/2017/ആകുവ. തീയതി 12.5.2017 സ.ഉ.(എം.എസ്) 133/2017/ആകുവ. തീയതി 22.12.2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു [illegible] |
| (സി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഇതുവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയെന്ന് അറിയിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതാണ്. ഇവയെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.<br><br>170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയിലറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രൈനേജുകൾ തുടങ്ങിയവയുമുള്ള 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴികേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നു വരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ